# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി :19-01-2023

## പത്രക്കുറിപ്പ്

## സംസ്ഥാന ജി .എസ് .ടി വകുപ്പ് പുന:സംഘടിപ്പിച്ചു

തിരുവനന്തപുരം: സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുന:സംഘടിപ്പിച്ചു. പുന:സംഘടനയുടെ ഓദ്യോഗിക പ്രഖ്യാപനം തിരുവനന്തപുരം അയ്യൻകാളി ഹാളിൽ നടന്ന ചടങ്ങിൽ സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു . ചടങ്ങിൽ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ അധ്യക്ഷനായിരുന്നു .

നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുക , നികുതി പിരിവ് കാര്യക്ഷമമാക്കുക, നികുതി ചോർച്ച തടയുക , എന്ന ലക്ഷ്യത്തോടെയാണ് വകുപ്പിനെ പുനസംഘടിപ്പിച്ചത് . ടാക്സ് പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് & ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായാണ് പ്രധാനമായും വകുപ്പിനെ പുന :സംഘടിപ്പിച്ചത്.

റിട്ടേൺ ഫയലിംഗ് നിരീക്ഷണം, പ്രതിമാസ റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, റീഫണ്ടുകൾ, കാരണം കാണിക്കൽ നോട്ടീസുകളുടെ തീർപ്പ് എന്നിവയാണ് പ്രധാനമായും ടാക്സ് പേയർ സേവന വിഭാഗം കൈകാര്യം ചെയ്യുന്നത്. വ്യാപാരികളുടെ നികുതി ബാധ്യതയുടെ കൃത്യത ഇനി മുതൽ പരിശോധിക്കുന്നത് ഓഡിറ്റ് വിഭാഗമാകും. നികുതി

വെട്ടിപ്പ് കണ്ടെത്തുകയും , തടയുകയുമാണ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതല.

പുന:സംഘടനയ്ക്ക് ശേഷം വ്യാപാരികൾ സമർപ്പിക്കുന്ന ജി.എസ്.ടി രജിസ്ട്രേഷൻ അപേക്ഷകളുടെ പരിശോധനയും തീർപ്പും പൂർണ്ണമായും നടത്തുന്നത് കേന്ദ്രീകൃത രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നാകും. ഇത് രജിസ്ട്രേഷൻ അപേക്ഷകൾ സമയബന്ധിതമായും പരാതിരഹിതമായും തീർപ്പാക്കാൻ സഹായിക്കും. മുൻപ് രജിസ്ട്രേഷൻ അപേക്ഷകൾ തീർപ്പാക്കിയിരുന്നത് അതാത് സ്ഥലത്തെ ജി.എസ്.ടി. ഓഫീസുകളായിരുന്നു.

ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു , തിരുവനന്തപുരം മേയർ എസ് . ആര്യ രാജേന്ദ്രൻ , തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, സി.ജി.എസ്.ടി. കമ്മീഷണർ ,തിരുവനന്തപുരം സോൺ, ടി.ജി.വെങ്കിടേഷ് ഐ.ആർ.എസ്സ്, കേരള വ്യാപാരി വ്യവസായി സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഇ.എസ് .ബിജു എന്നിവർ പങ്കെടുത്തു . നികുതി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ കേൽക്കർ ഐ.എ.എസ്സ് സ്വാഗതവും , സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അജിത് പാട്ടീൽ ഐ .എ .എസ്സ്. നന്ദിയും പറഞ്ഞു .

## ചിത്രത്തിന്റെ അടിക്കുറിപ്പ്

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയ്ക്ക് ശേഷമുള്ള വകുപ്പ്തല ഘടന സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു .

Sd/-

COMMISSIONER